110 കിലോവാട്ടിന്റെ മാങ്കുളം മൈക്രോ ജലവൈദ്യുത പദ്ധതിയും പുതുക്കി ഗ്രിഡുമായി കണക്ട് ചെയ്തിട്ടുണ്ട്. കൂടാതെ, 53 പീക്കോ ജലവൈദ്യുത പദ്ധതികൾ (1 KW) കേന്ദ്ര പാരമ്പര്യേതര ഊർജ്ജമന്ത്രാലയത്തിന്റെ ധനസഹായത്തോടെ (CFA) കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. പുനരുദ്ധാരണ നവീകരണത്തിനുശേഷം മൂഴിയാർ പദ്ധതിയിൽ നിന്നും 5 മെഗാവാട്ടിന്റെ പൊരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയിൽനിന്നും 4 മെഗാവാട്ടും വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കാവാലം കെ.എസ്.ഇ.ബി. സബ് ഓഫീസ്

14 (359) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാവാലം കെ.എസ്.ഇ.ബി. സബ് ഓഫീസ് നിലനിർത്തുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

കാവാലം പ്രദേശത്ത് നിലവിലുള്ള കെ.എസ്.ഇ.ബി.-യുടെ സബ് എഞ്ചിനീയർ ഓഫീസ് അവിടെത്തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സൗരഗൃഹ പദ്ധതി

15 (360) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 ബഡ്ജറ്റിൽ വിഭാവനം ചെയ്ത സൗരഗൃഹ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) നാളിതുവരെയായി എത്ര വീടുകൾക്കാണ് പ്ലാന്റ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ളത് ; ഏതെല്ലാം ഏജൻസികളെയാണ് പ്ലാന്റ് സ്ഥാപിക്കാൻ ഏൽപിച്ചതെന്ന് വിശദമാക്കാമോ ;

(സി) ഇതുവഴി എത്ര മെഗാവാട്ടിന്റെ വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് ലഭിച്ചുവെന്ന് ഓരോ സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വിശദമാക്കാമോ ?

ഉത്തരം

(എ) 2012-13-ൽ ബഡ്ജറ്റിൽ വിഭാവനം ചെയ്ത 10,000 സൗരമേൽക്കൂര വൈദ്യുത പദ്ധതി അനെർട്ട് നടപ്പിലാക്കിവരുന്നു.

(ബി) അനെർട്ട് നടപ്പിലാക്കുന്ന 10,000 സൗരമേൽക്കൂര വൈദ്യുതി പദ്ധതിക്കുവേണ്ടി നാളിതുവരെയായി അനുമതി നൽകിയ അപേക്ഷകരിൽനിന്നും 7000-ത്തോളം അപേക്ഷകർക്ക് ഒരു കിലോവാട്ട് വീതം സ്ഥാപിതശേഷിയുള്ള പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ അനെർട്ട് എംപാനൽ ചെയ്ത ഏജൻസികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇത് ശൃംഖലാബന്ധിതമല്ലാത്ത ഓഫ്ഗ്രിഡ് ഇനത്തിൽ പ്രവർത്തിക്കുന്ന പ്ലാന്റുകളാണ്. എന്നാൽ ഇത്തരം ഓരോ പ്ലാന്റും പ്രതിദിനം 3.5 യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന് ലഭിക്കാൻ സഹായകമാവുന്നതാണ്.

(ഡി) ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

വർഷം	വകയിരുത്തിയ തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2012-13	2496	579.93
2013-14	1393	1000.07
2014-15	395	575.14 (അനെർട്ടിന്റെ മുൻവർഷങ്ങളിലെ പ്ലാൻ ഫണ്ടിൽ ബാക്കിയുണ്ടായിരുന്ന തുക കൂടി ചേർത്ത് ചെലവഴിച്ച തുകയാണ്)

LIBRARY ARCHIVES Kerala Legislative Assembly